**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1527** **07-02-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന റവന്യൂ ഭൂമി തിരിച്ച് പിടിക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | 1964 ലെ ഭൂപതിവ് ചട്ടത്തിലെ ചട്ടം 15(4) പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ, 1995ലെ ചട്ടം 17 പ്രകാരവും ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചാൽ പാട്ടം റദ്ദ് ചെയ്യപ്പെടുന്നതും ഇത്തരം സംഗതികളിൽ ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരുത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപേ പതിച്ചു കിട്ടിയ വ്യക്തിക്ക് തന്റെ ഭാഗം പറയാൻ അവസരം നൽകേണ്ടതാണ്. കൂടാതെ കാലഹരണപ്പെട്ട പാട്ടങ്ങളുടെ സംഗതിയിൽ അങ്ങനെയുള്ള പാട്ടപ്രകാരം നിർണയിക്കപ്പെട്ട പാട്ടക്കുടിശ്ശിക ഒടുക്കാത്ത പക്ഷം ടി ഭൂമി വീണ്ടും പാട്ടത്തിനു നൽകുന്നതല്ല. നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാത്ത കേസുകളിൽ ഭൂമി സർക്കാർ തിരികെ എടുക്കുന്നതാണ്. കൂടാതെ 03.08.2018 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) 276/2018/റ.വ. പ്രകാരവും പാട്ട വ്യവസ്ഥ ലംഘിച്ചിട്ടുള്ളതും കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ എല്ലാ കേസുകളിലും 1957 ലെ KLC ആക്റ്റ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര ഹെക്ടർ ഭൂമി സർക്കാരിലേക്ക് ഇത്തരത്തിൽ തിരിച്ച്പിടിക്കുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ 86.263 സെന്റ് (34.91 ആർ) ഭൂമിയും കൊല്ലം ജില്ലയിൽ 00.16.90 ഹെക്ടർ സ്ഥലവും എറണാകുളം ജില്ലയിൽ 0.8031 ഹെക്ടർ ഭൂമിയും തൃശ്ശൂർ ജില്ലയിൽ 2 ഏക്കർ ഭൂമിയും തിരിച്ചു പിടിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ